**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3267

19.06.19 - ൽ മറുപടിക്ക്.

## കുടുംബശ്രീയുടെ നൂതന സംരംഭങ്ങൾ

| **ചോദ്യം**<br>ശ്രീ. കെ.എസ്.ശബരീനാഥൻ | | **മറുപടി**<br>ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കുടുംബശ്രീയെ നൂതന സംരംഭത്തിൻ കീഴിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ്; | (എ) | കുടുംബശ്രീയെ നൂതന സംരഭത്തിന് കീഴിൽ കൊണ്ടുവരുന്നതിന് ആവിഷ്കരിച്ച പദ്ധതികളാണ് 'മിൽക്കി ലാറ്റെ'യും 'ജെനോവ'യും.<br>കുടുംബശ്രീ അംഗങ്ങൾ ഉത്പാദിപ്പിക്കുന്ന പാൽ അടിസ്ഥാനമാക്കിയുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾ വിപണനം ചെയ്യുന്ന ബ്രാൻഡ് ആണ് 'മിൽക്കി ലാറ്റെ'. കുടുംബശ്രീ അംഗങ്ങൾ ഉത്പാദിപ്പിക്കുന്ന നാടൻ മുട്ട സംസ്ഥാന വ്യാപകമായി സംഭരിച്ച് പായ്ക്ക് ചെയ്ത് വിപണനം ചെയ്യുന്നതിനും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുമുള്ള പദ്ധതിയാണ് 'ജെനോവ'. |
| (ബി) | പാലും മുട്ടയും പാലുല്പന്നങ്ങളും ഒരു കുടക്കീഴിലാക്കി കുടുംബശ്രീയുടെ ഷോപ്പികൾ എല്ലാ ജില്ലകളിലും തുടങ്ങുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | കുടുംബശ്രീ ഷോപ്പികൾ എല്ലാ നഗരസഭയിലും ഒന്നുവീതം തുടങ്ങുവാൻ തീരുമാനമായിട്ടുണ്ട്. മൃഗസംരക്ഷണ മേഖലയിലെ ഉത്പന്നങ്ങൾ ബ്രാൻഡ് ചെയ്ത് വിൽക്കുന്നതിനായി ഓരോ ജില്ലയിലും ഉപഭോക്താക്കൾക്ക് മികച്ച ഷോപ്പിംഗ് അനുഭവം നൽകുന്ന തരത്തിൽ ശീതീകരിച്ച ബ്രാൻഡഡ് ഷോപ്പുകളാണ് 'കുടുംബശ്രീ ഷോപ്പീ സേഫ് ടു ഈറ്റ്' എന്ന പേരിൽ ആരംഭിക്കുന്നത്. ഇറച്ചി, മുട്ട, പാൽ, മത്സ്യം എന്നിവയും അവയുടെ ഉൽപ്പന്നങ്ങളുമാണ് ഇതിലൂടെ വിപണനം ചെയ്യുന്നത് . |
| (സി) | ഇത്തരം സംരംഭങ്ങൾ ആരംഭിക്കുന്നതിന് എന്ത് ധനസഹായമാണ് അനുവദിക്കുക; അതിന്റെ പലിശ നിരക്ക് എത്രയാണ്? | (സി) | സി.ഇ.എഫ് ലോൺ ആയി സിഡിഎസിന് 10 ലക്ഷം രൂപ. പലിശ 4% ; തിരിച്ചടവ് 2 വർഷം . |

സെക്ഷൻ ഓഫീസർ